**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5366** **21-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ മലയോര സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലയോര മേഖലയിലെ ജനവിഭാഗങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന ചില സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. റദ്ദ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കോവിഡ് സാഹചര്യത്തിലും വരുമാനം കുറഞ്ഞ സാഹചര്യത്തിലും യാത്രക്കാർ കുറവായതിനാൽ മലയോര മേഖയിൽ അടക്കം ചില സർവ്വീസുകൾ നിർത്തലാക്കിയ സാഹചര്യം ഉണ്ടായിട്ടുണ്ട്.** |
| (ബി) | കോഴിക്കോട് ജില്ലയിൽ എത്ര ഗ്രാമ വണ്ടികൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ചിട്ടില്ല സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ട് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ് ഗ്രാമവണ്ടിയ്ക്കായി ധാരാളം പഞ്ചായത്തുകളിൽ നിന്നും ആവശ്യങ്ങൾ ഉയർന്ന് വന്നിട്ടുള്ളതു പ്രസ്തുത പഞ്ചായത്തുകളുമായി കരാർ നടപടികൾ അന്തിമഘട്ടത്തിലുമാണ്. 2022 ജൂലൈ 29ന് ഗ്രാമവണ്ടി പദ്ധതി ആരംഭിക്കുന്നതാണ്. |
| (സി) | തൊട്ടിൽപ്പാലം-പേരാമ്പ്ര-കായണ്ണ-കൂരാച്ചുണ്ട്-താമരശ്ശേരി റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | കോവിഡ് സാഹചര്യത്തിലും വരുമാനം കുറഞ്ഞ സാഹചര്യത്തിലും യാത്രക്കാർ കുറവായതിനാലും തൊട്ടിൽപ്പാലം– പേരാമ്പ്ര – കായണ്ണ – കൂരാച്ചുണ്ട് -താമരശ്ശേരി റൂട്ടിൽ നടത്തിയിരുന്ന സർവ്വീസ് നിർത്തലാക്കിയിട്ടുണ്ട്. നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാര പ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതോടെയും സ്വിഫ്റ്റ് ബസ്സുകളും ക്രൂവും കൂടുതൽ എത്തുന്നതോടെയും അധികം വരുന്ന ബസ്സും ജീവനക്കാരേയും ഉപയോഗിച്ച് കൂടുതൽ സർവ്വീസുകൾ നടത്തുവാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടുതൽ സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ